# 116. ചന്ദ്രശേഖർ

ജനതാപ്പാർട്ടി പ്രസിഡണ്ട് ശ്രീ ചന്ദ്രശേഖർ ഇക്കഴിഞ്ഞ ജനുവരി 6–ാം തീയതി കന്യാകുമാരിയിൽ ആരംഭിച്ച 'ഭാരതയാത്ര' ആറു മാസം കഴിഞ്ഞ് ജൂൺ 25–ാം തീയതി ഡില്ലിയിൽ അവസാനിച്ചിരിക്കുകയാണ്.

ജനങ്ങൾക്കിടയിൽ ഉണർവ് ഉളവാക്കുക, ജനശക്തിയെ ഉത്തേജിപ്പിക്കുക, രാജ്യത്തിന്റെ മുമ്പിലുള്ള, അടിസ്ഥാനപരങ്ങളും മനസ്സിരുത്തി കൈകാര്യംചെയ്യേണ്ടവയുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുജനസമ്മർദം വളർത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ്, നാലായിരം മൈൽ നീണ്ട ഈ പദയാത്രാപരിപാടി താൻ ഏറ്റെടുത്തത് എന്ന് ശ്രീ ചന്ദ്രശേഖർ പ്രസ്താവിച്ചിട്ടുണ്ട്.

നിരക്ഷരരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇന്ത്യയെപ്പോലുള്ള അവികസിതവും വിശാലവുമായ ഒരു രാജ്യത്ത് ജനലക്ഷങ്ങളുടെ മാനസികാവസ്ഥ മനസ്സിലാക്കാനും, അതിനിണങ്ങിയ ഒരു രാഷ്ട്രീയപരിപാടി അവരുടെ മുമ്പിൽ അവതരിപ്പിക്കാനും, ഈ പരിപാടിക്കു ബഹുജനങ്ങളുടെ വ്യാപകവും ക്രിയാത്മകവുമായ പിന്തുണ നേടാനും പദയാത്ര ഏറ്റവും പറ്റിയ ഒരു മാർഗമാണെന്നതിൽ സംശയമില്ല.

ഉപ്പുസത്യാഗ്രഹത്തിന്റെ പ്രാരംഭമായി മഹാത്മാഗാന്ധി സബർമതിയിൽനിന്ന് ദണ്ഡി കടൽപ്പുറംവരെ നടത്തിയ നൂറ്റിയിരുപത്തിനാലു മൈൽ നീണ്ട പദയാത്ര ഇന്ത്യാചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിട്ടുണ്ട്. വലിയൊരു പേരാൽമരംപോലെ ഇന്ത്യയിലാകെ വേരോടിയും വേരിറങ്ങിയുംനിന്ന ബ്രിട്ടീഷ്ഭരണത്തെ കടപുഴക്കിയെറിയുന്നതിന് ഭാരതീയരെ സന്നദ്ധരാക്കുന്നതിൽ ദണ്ഡിയാത്ര നിർവഹിച്ച പങ്ക് നിഷേധിക്കാനാവാത്ത ഒന്നാണ്.

ഭൂദാനപരിപാടി പ്രചരിപ്പിക്കുന്നതിനു വിനോബാഭാവേയും ശിഷ്യരും നടത്തിയ പദയാത്രകൾ പലരും ഓർമിക്കുന്നുണ്ടാവും. ജന്മിസമ്പ്രദായം അവസാനിപ്പിക്കുന്നതിനും, യഥാർത്ഥ കർഷകന് കൃഷിഭൂമിയിലുള്ള അവകാശം ഉറപ്പിക്കുന്നതിനും അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുന്ന കാര്യത്തിൽ ഭൂദാനപദയാത്രകൾ വിജയിച്ചു. ബഹുജനങ്ങൾക്കിടയിൽ ഉണ്ടായിത്തീർന്ന ഉണർവിന് സ്ഥാപനാത്മകരൂപം നൽകുന്ന നിയമങ്ങൾ പാസ്സാക്കുന്നതിനും, അവ ശരിയായ സ്പിരിറ്റിൽ നടപ്പിൽ വരുത്തുന്നതിനും ഇന്ത്യയിലെ കേന്ദ്രഗവണ്മെന്റോ, ഏതെങ്കിലും സംസ്ഥാനഗവണ്മെന്റോ തയ്യാറായില്ല എന്ന കാരണത്താൽ ഇതേ പദയാത്രകൾ തന്നെ, ദയനീയമാംവിധം പരാജയപ്പെടുകയും ചെയ്തു. ഉറങ്ങിക്കിടക്കുന്നവനെ വിളിച്ചുണർത്തി 'അത്താഴമില്ല' എന്നു പറഞ്ഞ അനുഭവമായിരുന്നു ഇത്. വിനോബാ ഭാവേയുടെ ഭൂദാനപ്രസ്ഥാനം പാവപ്പെട്ടവരുടെ പ്രതീക്ഷകളെ പരമാവധി ഉത്തേജിപ്പിച്ചു. ഈ പ്രതീക്ഷകൾ നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടപ്പോൾ, സർക്കാരിന്റെയും അതിന്റെ തലപ്പത്തിരുന്നിരുന്ന ജവാഹർലാൽ നെഹ്റു അടക്കമുള്ള ദേശീയനേതാക്കളുടെയും, വിനോബാ ഭാവേയെപ്പോലുള്ള ഗാന്ധിശിഷ്യന്മാരുടെയും എല്ലാം ഉദ്ദേശ്യശുദ്ധിയിൽ ജനങ്ങൾക്കു വിശ്വാസം എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. ഏട്ടിലെ പശു പുല്ലു തിന്നുകയില്ലെന്ന് എല്ലാവർക്കും ബോദ്ധ്യമായി. കഠിനമായ ഗുണപുച്ഛം (സിനിസിസം) ഭാരതീയ

മനോഭാവത്തിന്റെ സുപ്രധാന ഭാഗമായിത്തീർന്നു. ഇന്നും സ്ഥിതി അതുതന്നെ.

ഈ പശ്ചാത്തലത്തിനെതിരെ നിർത്തിയാണ് ശ്രീ ചന്ദ്രശേഖറിന്റെ പദയാത്രയെ നാം പരിശോധിക്കേണ്ടതു്. തെക്കേ ഇന്ത്യയിൽ പൊതുവെ, ചന്ദ്രശേഖറിന്റെ ഭാരതയാത്ര ഒരു പ്രതീക്ഷയും ഉണർത്തിയിട്ടില്ല. അതിനാൽ ഒരു നിരാശതയും അതു് ഉളവാക്കുകയുമില്ല. കേരളത്തിൽ പ്രത്യേകിച്ചും.

'ഒച്ചയുണ്ടായീ,ലനക്കമുണ്ടായീ,ലൊ—
രൊററക്കുമിളയും പൊന്തിയില്ല'

എന്നു് ഈ പദയാത്രയെപ്പററി, അതിശയോക്തിലേശം കൂടാതെ പറയാം. അങ്ങനെയൊരു പദയാത്ര നടന്നതായി മിക്ക കേരളീയരും ഇപ്പോൾ ഓർമിക്കുന്നതുതന്നെയുണ്ടാവില്ല.

കാമരാജ് കോൺഗ്രസ്സിന്റെ വേരുകൾ ഗ്രാമങ്ങളിൽ തീരെ ഉണങ്ങിക്കരിഞ്ഞുപോകാത്ത തമിഴ്നാട്ടിലും ശ്രീ ചന്ദ്രശേഖറിന്റെ പാർട്ടിയിൽപ്പെട്ട ഒരാൾ മുഖ്യമന്ത്രിയായി ഭരിക്കുന്ന കർണാടകത്തിലും, സ്ഥിതി അല്പം വ്യത്യസ്തമായിരുന്നു. തങ്ങൾക്കു വേണ്ടതു് 'തണ്ണീർ' ആണെന്നു വിളിച്ചുപറഞ്ഞുകൊണ്ടു് തമിഴ്നാട്ടിൽ പലേടത്തും ഗ്രാമീണർ ശ്രീ ചന്ദ്രശേഖറിന്റെ ചുററും കൂടി. ശ്രീ ചന്ദ്രശേഖറിന്റെ നിർബന്ധത്താൽ കർണാടക മുഖ്യമന്ത്രി ശ്രീ ഹെഗ്ഡേ മേട്ടൂരിൽനിന്നു് കാവേരിയിലേക്കു കുറെ വെള്ളം വിട്ടുകൊടുത്തതു്, വരണ്ടുകിടക്കുന്ന തമിഴ്നാട്ടിൽ താല്ക്കാലിക പ്രതികരണം ഉളവാക്കി. ശ്രീ ചന്ദ്രശേഖറെ 'തണ്ണീർ തലൈവർ' എന്നു വാഴ്ത്താൻ തമിഴ്നാട്ടിൽ പലരും തയ്യാറായി.

എങ്കിലും പൊതുവേ ദക്ഷിണേന്ത്യക്കാർക്കു് ശ്രീ ചന്ദ്രശേഖർ, വല്ലപ്പോഴും ഇങ്ങോട്ടു കൊട്ടും കൊരവയുമായി എഴുന്നള്ളുന്ന ആയിരക്കണക്കിനു് ഉത്തരേന്ത്യൻ നേതാക്കളിൽ ഒരാൾ മാത്രമായിരുന്നു. നിറമോ, മണമോ, സ്വന്തമായ വ്യക്തിത്വമോ, ഒന്നും ഇല്ലാത്ത രാഷ്ട്രീയകുംഭരികളിൽ ഒരാൾ, ഇന്നലെ പെയ്ത മഴയ്ക്കു് ഇന്നു കുരുത്തു് നാളെ കരിയുന്ന തകര—അങ്ങനെയൊരാൾ വന്നാലും കൊള്ളാം, പോയാലും കൊള്ളാം, നാടു് അതിന്റെ വഴിക്കു പൊയ്ക്കൊള്ളും.

പക്ഷേ, ഉത്തരേന്ത്യയിൽ, പ്രത്യേകിച്ചു് ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിൽ, ശ്രീ ചന്ദ്രശേഖർ താരതമ്യേന പ്രശസ്തനാണു്. ഇന്ദിരാഗാന്ധിയുടെ പാർട്ടിയിലായിരുന്നപ്പോൾ, ആ പാർട്ടിയുടെ 'വിപ്ലവവീര്യത്തി'ന്റെ പ്രതീകങ്ങളായി കരുതപ്പെട്ടിരുന്ന 'യുവതുർക്കി'കളിൽ പ്രമുഖനായിരുന്നു അദ്ദേഹം. അടിയന്തിരാവസ്ഥയ്ക്കുശേഷം ശ്രീമതി ഇന്ദിരാഗാന്ധിയെ തറപററിച്ചു് അധികാരത്തിൽ വന്ന ജനതാപ്പാർട്ടിയുടെ അദ്ധ്യക്ഷൻ ശ്രീ ചന്ദ്രശേഖർ ആയിരുന്നു. 'സമഗ്ര വിപ്ലവ'ത്തിന്റെ ആചാര്യനായിരുന്ന ജയപ്രകാശ്നാരായണന്റെ വിശ്വസ്ത ശിഷ്യനായിരുന്ന ശ്രീ ചന്ദ്രശേഖർ സ്വാർത്ഥലേശമില്ലാത്ത പൊതുപ്രവർത്തകൻ എന്ന പ്രസിദ്ധി അന്നേ നേടിയിരുന്നു. ആ പ്രസിദ്ധി അദ്ദേഹം ഇപ്പോഴും നിലനിർത്തുന്നുമുണ്ടു്.

ഉത്തരേന്ത്യൻ ബഹുജനങ്ങളുമായി, അവരുടെ ഒപ്പം നിന്നു്, സംവദിക്കാൻ ചന്ദ്രശേഖറിനു് ഇപ്പോഴും കഴിവുണ്ടു്. ആ നിലയിൽ, ഉത്തരേന്ത്യയിൽ ചന്ദ്രശേഖറിന്റെ പര്യടനം പ്രതീക്ഷകൾ ഉണർത്തിയിട്ടുണ്ടെന്നാണു് പദയാത്ര സംബന്ധിച്ച പത്രറിപ്പോർട്ടുകളിൽനിന്നു മനസ്സിലാകുന്നതു്. ശ്രീ ചന്ദ്രശേഖർ പറയുന്നു:

'നാട്ടിലെ ഉറങ്ങിക്കിടന്ന ജനശക്തിയെ ഉണർത്തേണ്ടതു് ഇന്നു് ഏററവുമധികം ആവശ്യമായിത്തീർന്നിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു

ശേഷം നമ്മുടെ രാഷ്ട്രീയജീവിതം അങ്ങേയററം നിർണായകവും ആപത്പൂർണവുമായ ഒരു ഘട്ടത്തിലൂടെ കടന്നുപോവുകയാണിപ്പോൾ. നമ്മുടെ സമ്പദ്വ്യവസ്ഥ വളർച്ച മുട്ടിയും മന്ദിച്ചും കിടക്കുന്നു. അത്യാവശ്യസാധനങ്ങളുടെ വില ആകാശം മുട്ടി നില്ക്കുന്നു. ഭരണത്തിൽ അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞിരിക്കുന്നു. സമൂഹത്തിന്റെ ഊടും പാവും തകർന്നിരിക്കുന്നു. ഇതിന്റെയെല്ലാം ദുഷ്ഫലങ്ങൾ, വർഗീയവും പ്രാദേശികവും ഭാഷാപരവുമായ കലാപങ്ങളായും, മത—ജാതി ന്യൂനപക്ഷങ്ങളുടെ അതിരുകടന്ന അവകാശവാദങ്ങളായും, നമ്മുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നു. ആസാമിലും പഞ്ചാബിലും തീ ആളുന്നു. ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നു. കൃഷ്കരും തൊഴിലാളികളും പാപ്പരായിക്കൊണ്ടിരിക്കുന്നു. ഹരിജനങ്ങളും സ്ത്രീകളും അടിമത്തത്തിലും ചൂഷണത്തിലുംപെട്ടു നരകിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിക്കുന്നു. വിദ്യാഭ്യാസവ്യവസ്ഥ തൊഴിലില്ലായ്മയെ വളർത്തുന്നു. ഇതിൻഫലമായി വിദ്യാലയങ്ങൾ കലാപാലയങ്ങളായിരിക്കുന്നു. പോലീസുകാരുടെ വെടിയേററു ജനങ്ങൾ മരിക്കുന്ന വാർത്ത നാം എന്നും കേൾക്കുന്നു....പ്രാദേശികകലാപങ്ങളെ മാത്രമല്ല, കർഷകരുടെയും തൊഴിലാളികളുടെയും ന്യായമായ സമരങ്ങളെയും സർക്കാർ അടിച്ചമർത്തുന്നു. ഇന്നും നമ്മുടെ നാട്ടിൽ അമ്പതുലക്ഷം അടിമവേലക്കാർ ഉണ്ട്. ഇവരിലധികംപേരും ഹരിജനങ്ങളോ, ആദിവാസികളോ, താഴ്ന്ന ജാതിക്കാരോ ആണ്. ഇവരുടെ സ്ത്രീകൾ ചൂഷണത്തിനും അപമാനത്തിനും ഇരകളായിക്കൊണ്ടിരിക്കുന്നു. അവരുടെ ചാരിത്രം കവർച്ചചെയ്യപ്പെടുന്നു. ഇതിനെല്ലാം നിവാരണമുണ്ടാക്കാൻ ശ്രമം നടന്നാൽ, ആ ശ്രമത്തെ സർക്കാർ അടിച്ചമർത്തുന്നു; ശ്രമിക്കുന്നവർക്കെതിരെ ദേശരക്ഷാനിയമംപോലുള്ള മർദനനിയമങ്ങൾ അഴിച്ചിടുന്നു.

'ഈ പരിതഃസ്ഥിതിയിലാണ് എന്റെ ഭാരതയാത്ര. സമൂഹത്തിലെ നാവില്ലാത്ത അസംഘടിതവിഭാഗങ്ങളുമായി ബന്ധപ്പെടാനാണ് ഞാനും എന്റെ യുവസഹപ്രവർത്തകരും ശ്രമിക്കുന്നത്. ജനങ്ങളുമായി നേരിട്ട് ഇടപെടാനും അവരുടെ പ്രശ്നങ്ങൾ മൂർത്തരൂപത്തിൽ മനസ്സിലാക്കാനും ഞങ്ങൾ ശ്രമിക്കുന്നു. പല സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച ഞങ്ങൾ അവരുടെ ആവലാതികൾ കേൾക്കുന്നു; കഷ്ടപ്പാടുകൾ കണ്ടറിയുന്നു.

'നാം എങ്ങോട്ടു പോകുന്നു? രാഷ്ട്രീയപ്രവർത്തകർ, ബുദ്ധിജീവികൾ, ഗവേഷകന്മാർ മുതലായവർ ഇക്കാര്യം വിശദമായി പരിശോധിക്കണം. ചരിത്രത്തിലെ സുപ്രധാനമായ ഒരു നാൽക്കൂട്ടപ്പെരുവഴിയിലാണ് ഇന്നു നാം. നിർണായകമായ ഈ വഴിത്തിരിവിൽവെച്ച്, നാടിനു നന്മയും ഐക്യവും ആഗ്രഹിക്കുന്നവർ, സർക്കാരിനെ ആശ്രയിക്കാതെ, എന്തെങ്കിലും കാര്യപരിപാടി കൈക്കൊണ്ടില്ലെങ്കിൽ, ചരിത്രം നമ്മെ ഏല്പിച്ച ചുമതല നിറവേററാൻ നമുക്കു കഴിയുകയില്ല.

'സുഖപൂർണമായ ഒരു പുതിയ ഭാവിക്കുവേണ്ടി സമരംചെയ്യുകയാണ് നമ്മുടെ ജനങ്ങൾ. അവർ ആശ ഇനിയും കൈവിട്ടിട്ടില്ല. അവസാനം നന്മയുടെ ശക്തികൾ വിജയിക്കുമെന്നും, ന്യായനിഷ്ഠവും സമത്വാധിഷ്ഠിതവുമായ ഒരു സമൂഹം ഇവിടെ രൂപംകൊള്ളുമെന്നും അവർ വിശ്വസിക്കുന്നു. ഈ വിശ്വാസമാണു ജനങ്ങളുടെ ശക്തി. അവരുടെ വിശ്വാസത്തെ നാം ഇനിയും ഏറെക്കാലം പരീക്ഷിച്ചുകൂടാ. അടിസ്ഥാനപരമായ പരിവർത്തനത്തിനുവേണ്ടിയുള്ള ജനങ്ങളുടെ ഉല്ക്കടമായ ഇച്ഛയെ സംവേദനശക്തിയുള്ള ആർക്കും അനുഭവിച്ചറിയാവുന്നതേയുള്ളു.

'ഈ പരിവർത്തനത്തിന് ആക്കംകൂട്ടാനും, ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ സമൂഹത്തിന്റെ പ്രതികാരശക്തി വളർത്താ

നം, മുന്നിലുള്ള വെല്ലുവിളികളെ നേരിടാനുള്ള സാമർത്ഥ്യം സമൂഹത്തിലുളവാക്കാനുമുള്ള ഒരു വിനീത പരിശ്രമമാണ് എന്റെ ഭാരതയാത്ര.' (ധർമയുഗ്, 29 മെയ്).

ശ്രീ ചന്ദ്രശേഖർ പറഞ്ഞതുപോലെ 'സർക്കാരിനെ ആശ്രയിക്കാതെ' ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നതാണ് ഇന്നത്തെ കാതലായ പ്രശ്നം.

സ്വന്തം ഭാവി യഥേഷ്ടം കരുപ്പിടിക്കാനുള്ള അധികാരം നമ്മുടെ ഭരണഘടന ജനങ്ങൾക്ക നൽകുന്നുണ്ട്. ഇതിനുള്ള ഉപകരണങ്ങളും നാം നിർമിച്ചിട്ടുണ്ട്.

ഈ ഉപകരണങ്ങളിൽ പ്രധാനപ്പെട്ടവ പഞ്ചായത്തുകൾ, നഗരസഭകൾ തുടങ്ങിയ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളാണ്. പല തലങ്ങളിലുള്ള സഹകരണസംഘങ്ങളേയും ഇവയോടൊപ്പം പരിഗണിക്കാവുന്നതത്രെ. നാട്ടിലെ സാമൂഹ്യപരിതഃസ്ഥിതിയിലും സാമ്പത്തികസംവിധാനത്തിലും മൗലികമായ പരിവർത്തനംവരുത്താൻ ഈ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്. റഷ്യയിലെ സോവിയററുകളും ചൈനയിലെ കമ്യൂണുകളും ചെയ്യുതെന്തോ, അതു വേണമെങ്കിൽ, ഇന്ത്യയിലെ പഞ്ചായത്തുകൾക്കും സഹകരണസ്ഥാപനങ്ങൾക്കും ചെയ്യാം.

പക്ഷേ, ജനാധിപത്യത്തിന്റെ ഈ ആധാരസ്ഥാപനങ്ങൾ ഇന്നു രാഷ്ട്രീയവേഷം അണിഞ്ഞ സാമൂഹ്യദ്രോഹികളുടെ കൈകളിൽ ചൂഷണോപകരണങ്ങളായി പ്രവർത്തിച്ചുവരികയാണ്.

നിയമസഭകൾക്കോ, പാർലമെൻറിനോ ഇന്ത്യയിൽ ഒരു മാററവും ഉളവാക്കാൻ കഴിവില്ല. രാഷ്ട്രീയമല്ലന്മാരുടെ ഈ ഗോദാകൾ, ചെലവേറിയ വിനോദോപാധികൾമാത്രമായിത്തീർന്നിരിക്കുന്നു.

സർക്കാരാപ്പീസുകളിൽ ഒന്നും നടക്കാതായിരിക്കുന്നു, ശമ്പളം കൊടുക്കൽ ഒഴികെ. സർക്കാരുകൾ മിക്കവാറും മരിച്ചുകഴിഞ്ഞിരിക്കുന്നു.

പ്രാദേശികപ്രശ്നങ്ങൾ, പ്രാദേശികതലത്തിൽ, പ്രാദേശികനേതൃത്വത്തിലൂടെ പരിഹരിക്കപ്പെടണം.

പക്ഷേ, താൻതന്നെ പറഞ്ഞതുപോലെ സർക്കാരിനെ ആശ്രയിക്കാതെ ഈ പ്രശ്നങ്ങൾ ജനകീയാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള വിശദമായ ഒരു പരിപാടിയും ശ്രീ ചന്ദ്രശേഖർ ജനങ്ങളുടെ മുമ്പിൽ വെച്ചിട്ടില്ല.

രാഷ്ട്രീയച്ചതുരംഗക്കളിയിലുള്ള ഭ്രമം ഇന്ത്യയിൽ ഒരു രാഷ്ട്രീയപ്പാർട്ടിയും കൈവെടിഞ്ഞിട്ടില്ല. അവസരവാദപരങ്ങളായ കൂട്ടുകെട്ടുകളുണ്ടാക്കി തെരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ചുപററി, സമൂഹനേതാക്കളായി വിലസുന്നതിനും പണവും പ്രതാപവും നേടുന്നതിനും ഉള്ള ആഗ്രഹമാണ് രാഷ്ട്രീയപ്രവർത്തകരെ ഇന്ന് ആവേശഭരിതരാക്കുന്നത്.

ദണ്ഡിയാത്രയിൽ മഹാത്മാഗാന്ധി മഹനീയമായ ഒരു ലക്ഷ്യവും അതു നേടുവാൻ, അത്യന്തം മൂർത്തവും ലളിതവുമായ ഒരു പരിപാടിയും ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചു. സ്വാതന്ത്ര്യമായിരുന്നു ആ ലക്ഷ്യം; ഉപ്പുകുറുക്കൽ ആ പരിപാടിയും.

ഭൂദാനപദയാത്രകളിൽ, അതിസരളവും അത്യാകർഷകവുമായ ഒരു സന്ദേശവും, അതു നടപ്പിൽവരുത്താനുള്ള ഒരു പരിപാടിയും വിനോബാ ഭാവേ ജനങ്ങളെ പറഞ്ഞു ധരിപ്പിച്ചു. ഭൂമി പൊതുസ്വത്താക്കുക ലക്ഷ്യം. ഭൂദാനഗ്രാമദാനാദികൾ പരിപാടിയും.

ശ്രീ ചന്ദ്രശേഖറിന്റെ പരിപാടി ചുരുൾ നിവരാനിരിക്കുന്നതേ

യുള്ള. ജനങ്ങളിൽ അദ്ദേഹം പ്രതീക്ഷകൾ ഉണർത്തിയിട്ടുണ്ടെങ്കിൽ, അവയുടെ നിർവഹണം ഇനിയങ്ങോട്ടു നടക്കേണ്ടിയിരിക്കുന്നു. ബഹുജനങ്ങളുടെ ഉണർന്ന പ്രതീക്ഷകൾ നിറവേറ്റുന്നതിന് ശ്രീ ചന്ദ്രശേഖർ നിർദേശിക്കുന്ന പരിപാടി എന്തെന്നും, അതു് എങ്ങനെ ജനങ്ങളെ കർമോന്മുഖരാക്കുകവഴി 'സമഗ്ര വിപ്ളവത്തി'ന് ആക്കം കൂട്ടുന്നു എന്നും നമുക്കു കാത്തിരുന്നു കാണാം.

(10 ജൂലൈ, 1983)

## 117. കേശവദേവ്

മിനിഞ്ഞാന്നു രാത്രി 7.30–ന് കേശവദേവ് അന്തരിച്ചു. ഇന്നലെ ഉച്ചയ്ക്ക് 12.30–ന് അദ്ദേഹത്തിന്റെ ഭൗതികശരീരം തൈക്കാട്ട് വൈദ്യുതശ്മശാനത്തിൽ ചാമ്പലായി മാറി. ഇന്നു രാവിലെ അദ്ദേഹത്തെപ്പററി എഴുതാനിരിക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നതു കഥകളും ഏകാങ്കങ്ങളും നാടകങ്ങളും നോവലുകളും ഉപന്യാസങ്ങളും ആത്മകഥാഖ്യാനങ്ങളും മററുമായി എഴുപതിലേറെ പുസ്തകങ്ങളിൽ പടർന്നുകിടക്കുന്ന അദ്ദേഹത്തിന്റെ സാഹിത്യരചനകളാണ്. രചനകളാണല്ലോ മരിച്ചു കഴിഞ്ഞ എഴുത്തുകാരന്റെ ശാശ്വതമായ കാന്തിമയശരീരം.

എങ്കിലും, കേശവദേവ് എന്ന വ്യക്തിയെപ്പററിയല്ലാതെ അദ്ദേഹത്തിന്റെ കൃതികളെപ്പററി ചിന്തിക്കുവാൻ എനിക്ക് ഇപ്പോൾ സാധിക്കുന്നില്ല. അദ്ദേഹവുമായി കുറച്ചെങ്കിലും അടുത്തിടപെടാൻ കഴിഞ്ഞ ആരുടെയും അനുഭവം ഇതുതന്നെയായിരിക്കുമെന്നു ഞാൻ കരുതുന്നു.

കാരണം, പുസ്തകരൂപത്തിലുള്ള രചനകൾ കേശവദേവിന്റെ വ്യക്തിത്വത്തിന്റെ ഒരു ഭാഗംമാത്രമേ ആകുന്നുള്ളു. കാലം ചെല്ലുകയും സ്മരണകൾ മങ്ങുകയും ചെയ്യുന്നതോടെ, ആ വ്യക്തിത്വത്തിന്റെ മററു ഭാഗങ്ങൾ വിസ്മൃതങ്ങളാകുകയും സാഹിത്യരചനകൾ എന്ന വ്യക്തിത്വഭാഗം കൂടുതൽ വൈശദ്യവും പ്രാധാന്യവും ആർജിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. പക്ഷേ, ദേവിന്റെ ഭൗതികശരീരാവശിഷ്ടങ്ങളുടെ ചൂടാറാതിരിക്കെ, ഇപ്പോൾ ഓർമ നിറയെ ആ മനുഷ്യനാണ്. ആ മനുഷ്യന്റെ രൂപവും വേഷവും, ഫലിതങ്ങളും പൊട്ടിച്ചിരികളും, സ്നേഹങ്ങളും വൈരങ്ങളും, കൈയും കലാശവും കാണിച്ചുകൊണ്ടു പ്രസംഗവേദികളിൽ അദ്ദേഹം മുഴക്കാറുള്ള സിംഹഗർജനങ്ങളും വീരവാദങ്ങളും, സ്വകാര്യസംഭാഷണങ്ങളിൽ അപൂർവമായെങ്കിലും അദ്ദേഹം വെളിപ്പെടുത്തിയിട്ടുള്ള ഹൃദയവേദനകളും നൈരാശ്യങ്ങളും പ്രതീക്ഷകളും എല്ലാമാണ്.

മലയാള ചെറുകഥയ്ക്കു നവോത്ഥാനമുണ്ടായപ്പോൾ, 1930–കളിൽ ആ നവോത്ഥാനത്തിന്റെ നേതൃസ്ഥാനത്തു പ്രത്യക്ഷപ്പെട്ടതു് തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നീ ത്രിമൂർത്തികളായിരുന്നു. മലയാളികൾക്ക് അന്നു പേരുകൊണ്ടുപോലും പരിചിതനായിക്കഴിഞ്ഞിട്ടില്ലാതിരുന്ന മോപ്പസാങ്ങിന്റെ മാതൃകയിൽ, മിക്കവാറും ലൈംഗികമനശ്ശാസ്ത്രത്തെ വിഷയീകരിച്ച്, രചിക്കപ്പെട്ടിരുന്ന തകഴിയുടെ കഥകളുടെ ഏററവും വലിയ സവിശേഷതയായി എനിക്ക് അനുഭവപ്പെട്ടിരുന്നതു് തകർന്ന ചില്ലുപോലെ മൂർച്ചയേറിയ കൊച്ചുവാക്യങ്ങൾ ഉൾക്കൊള്ളുന്ന ആ സവിശേഷശൈലിയായിരുന്നു. ഇതിനു നേരെ വിപരീതമായി, അത്യന്തം വർണശബളവും ഒട്ടൊക്കെ മാംസളവുമായ ശൈലിയിൽ,